# കളരിപ്പയറ്റ്: ആയോധനകലയിലെ കേരളീയ പെരുമ

**Project submitted to the University of Calicut in partial fulfillment**

**for the award of the degree**

**of**

**Bachelor of Arts in English and History**

**by**

**Arjun V**

**CCASADER18**

**March 2021**

**Department of B.A English & History**

**Christ College (Autonomous) Irinjalakuda**

**Kerala - 680125**

# DECLARATION

I, **Arjun**, hereby declare that this project entitled കളരിപ്പയറ്റ്, submitted to the University of Calicut in partial fulfillment of the requirements for the award of the **Degree of Bachelor of Arts in English and History**, is a bonafide record of original research work carried out by me under the supervision and guidance of Dr. George Alex, Coordinator, Department of English & History (Double Main) Christ College (Autonomous), Irinjalakuda.

Arjun V

Reg.No. CCASADER18

Department of English & History

Christ College (Autonomous)

Irinjalakuda-680125

Place: Irinjalakuda

April 16 2021

# CERTIFICATE

This is to certify that this project entitled **കളരിപ്പയറ്റ്**, a record of research work carried out by **Mr. Arjun** under my supervision and guidance in partial fulfillment of the requirements for the award of the degree of **Bachelor of Arts in English and History** submitted to the University of Calicut.

**Mr. George Alex**

**Coordinator**

**Department of English & History**

**Christ College (Autonomous)**

**Mr. George Alex**

**Coordinator**

**Supervising Teacher**

**Department of English & History**

Place: Irinjalakuda

April 16 2021

# Ackowledgement

I owe my gratitude to God for his endless blessings and intervention in helping me complete my project without any hassles and on time. I am indebted to my supervising teacher and Coordinator Dr. George Alex, Department of English & History (Double Main), Christ College (Autonomous), Irinjalakuda, for guiding me throughout the project and for the countless hours and efforts he put in to help complete the project. I thank him for his timely help and generous encouragement. I am eternally grateful to Rev Fr. Jolly Andrews CMI, the Principal, Christ College (Autonomous), Irinjalakuda for the congenial atmosphere of research he has always tried to foster in the campus throughout my studies.

I owe my thanks to my parents, my teachers, my friends and all those who have helped me indirectly and indirectly, in the successful completion of the project work.

**Arjun**

# CONTENTS


| Chapter Number | Contents | Page No. |
|---|---|---|
| | ആമുഖം | 1 – 3 |
| Chapter 1 | കളരിപ്പയറ്റിന്റെ ഉത്ഭവചരിത്രം | 4 – 8 |
| Chapter 2 | കളരിയും സമ്പ്രദായങ്ങളും | 9 – 17 |
| Chapter 3 | കളരിപ്പയറ്റിന്റെ സ്വാധീനം | 18 – 21 |
| | ഉപസംഹാരം | 22 – 25 |
| | Works Cited | 26 |
| | Appendix | 27 – 29 |

# ആമുഖം

കേരളത്തിന്റെ തനത് ആയോധനകലയാണ് കളരിപ്പയറ്റ്. കേരളത്തിലും തമിഴ്നാടിനെ ചില ഭാഗങ്ങളിലും ഈ പുരാതനമായ ആയോധന മുറ അഭ്യസിച്ചു വരുന്നു. കരാട്ടെ, കുങ്ഫു തുടങ്ങിയ ആയോധന സമ്പ്രദായങ്ങളുടെ കിടപിടിക്കത്തക്ക വിധത്തിൽ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയതും ക്രമാനുഗതമായ പരിശീലനം കൊണ്ട് ആത്മരക്ഷ ക്കൊപ്പം ശാരീരികവും മാനസികവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്ന തുമായ സമഗ്രമായൊരു കായിക കലയാണ് കളരിപ്പയറ്റ്.

കേരളത്തിൽ നായർ സമുദായം ആണ് പ്രധാനമായും കളരിപ്പയറ്റ് അനുവർത്തിച്ചു വന്നിരുന്നത്. തെക്കൻകേരളത്തിൽ നാടാർ സമുദായവും ഉത്തരകേരളത്തിൽ തീയർ സമുദായവും പരമ്പരാഗതമായി കളരി അനുവർത്തിച്ചു വന്നിരുന്നു. നായർ–ഈഴവ പടയാളികളും നല്ല കളരി അഭ്യാസികൾ ആയിരുന്നു.

ഇരുപതാം നൂറ്റാണ്ടോടു കൂടി പ്രതാപം നഷ്ടപ്പെട്ടുപോയ കളരിപ്പയറ്റിന് പുതുജീവൻ നൽകുക എന്ന ലക്ഷ്യത്തിനുവേണ്ടി കോട്ടക്കൽ കണാരൻ ഗുരുക്കൾ എന്ന ഗുരുക്കൾ നിലവിലുണ്ടായിരുന്ന വടക്കൻ സമ്പ്രദായങ്ങൾ എല്ലാം പഠിക്കുകയും പിന്നീട് തലശ്ശേരിയിൽ സ്വന്തമായി കളരി സ്ഥാപിക്കുകയും ചെയ്തു.

തെയ്യം, പൂരക്കളി, മറത്തുകളി, കഥകളി, കോൽകളി, വേലകളി, തച്ചോളികളി തുടങ്ങിയ കേരളത്തിലെ പല പരമ്പരാഗത കലാരൂപങ്ങളും കളരിപ്പയറ്റിൽ നിന്ന് പലതും കടം കൊണ്ടിട്ടുണ്ട്. കഥകളിയിൽ കലാകാരൻ ശരീരത്തിന് മെയ്‌വഴക്കം വരുത്തുന്ന സമ്പ്രദായം ഇത്തരത്തിലുള്ളതാണ്. ഫ്യൂഡലിസം ഏറ്റവും ശക്തമായിരുന്ന മധ്യകാല കേരളമാണ് കളരിപ്പയറ്റിനെ പ്രതാപകാലം. നൂറ്റാണ്ടിലേറെ നീണ്ടുനിന്ന വൈദേശികാധിപത്യം തോടൊപ്പം ജന്മിത്തത്തിന്റെ തകർച്ചയും ആധുനിക ആയുധങ്ങളുടെ വരവും മാറിയ യുദ്ധമുറകൾ ഉം എല്ലാം ഈ ആയോധന കലയുടെ പ്രാധാന്യം കുറച്ചു. കരാട്ടെ, കുങ്ഫു തുടങ്ങിയ കായിക കലകളിൽ നിന്നും വ്യത്യസ്തമായി കളരിപ്പയറ്റിന് ഇക്കാലത്ത് വേണ്ടത്ര പരിഗണന ലഭിക്കാത്ത അവസ്ഥയുണ്ട്.

## പഠിക്കാൻ തിരഞ്ഞെടുത്തിരിക്കുന്ന വിഷയം

കളരിപ്പയറ്റ്: ആയോധനകലയിലെ കേരളീയ പെരുമ. നൂറ്റാണ്ടുകൾക്കുമുമ്പ് കേരളം സന്ദർശിച്ച പല സഞ്ചാരസാഹിത്യകരും അവരുടെ സന്ദർശന കാലത്ത് കേരളത്തിൽ കളരിപ്പയറ്റ് എന്ന ആയോധനകല പഠിപ്പിക്കപ്പെടുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിന്റെ ഉത്ഭവത്തെപ്പറ്റി പരാമർശിച്ചു കാണുന്നില്ല.

## പഠന ലക്ഷ്യങ്ങൾ

കളരിപ്പയറ്റ് എന്ന ആയോധനകലയെ കുറിച്ച് കൂടുതൽ അറിയുവാൻ ശ്രമിക്കുന്നു. കളരിപ്പയറ്റിന്റെ ഉത്ഭവം, ചരിത്രം, സമ്പ്രദായം, ചടങ്ങുകൾ, സ്വാധീനം ഇവയെക്കുറിച്ച് അറിയാൻ ശ്രമിക്കുന്നു.

## ഉറവിടങ്ങൾ

ഈ പഠനത്തിനായി പ്രാഥമിക സ്രോതസ്സുകളായി അഭിമുഖവും സെക്കൻഡറി സ്രോതസ്സുകളായി വാമൊഴി ചരിത്രവും പി സുധാകരൻ ഗുരുക്കൾ എഴുതിയ 'കളരിപ്പയറ്റ് ശാസ്ത്രീയപഠനം' എന്ന പുസ്തകവും ഉപയോഗിച്ചിരിക്കുന്നു.

## പാഠ്യ രീതി

കേരളത്തിന്റെ ആയോധന കലാരൂപമാണ് കളരിപ്പയറ്റ്. കേരളത്തിലെ മിക്കവാറും കലാരൂപങ്ങളിൽ കളരിപ്പയറ്റിനെ സ്വാധീനം കാണാം. കളരിപ്പയറ്റ് ഇന്ന് ഒരു പ്രദർശന കഥയായി രൂപാന്തരപ്പെട്ടു എന്നുകാണാം.

ആമുഖവും ഉപസംഹാരവും കൂടാതെ മൂന്ന് അധ്യായങ്ങളിലായി തരംതിരിച്ചിരിക്കുന്നു. ഒന്നാം അധ്യായത്തിൽ കളരിപ്പയറ്റ് ഉത്ഭവ ചരിത്രവും, രണ്ടാം അധ്യായത്തിൽ കളരിപ്പയറ്റിനെ സമ്പ്രദായങ്ങളും, മൂന്നാം അധ്യായത്തിൽ കളരിപ്പയറ്റിലെ സ്വാധീനവും ഉൾക്കൊള്ളിച്ചിരിക്കുന്നു.

# അദ്ധ്യായം 1

# കളരിപ്പയറ്റിന്റെ ഉത്ഭവചരിത്രം

മഴുവെറിഞ്ഞു കേരളത്തെ സൃഷ്ടിച്ചുവെന്ന് പുരാണങ്ങളിൽ പ്രതിപാദിക്കുന്ന വീര പുരുഷനായ പരശുരാമനാൽ തന്നെയാണ് കേരളത്തിലെ തനത് കലാരൂപമായ കളരിപ്പയറ്റ് ജന്മംകൊണ്ടത് എന്ന് ഐതിഹ്യം വെളിപ്പെടുത്തുന്നു. ശത്രുസംഹാരത്തിനായി കേരളമണ്ണിൽ 42 കളരികൾ സ്ഥാപിക്കുകയും 21 ശിഷ്യന്മാരെ പരിശീലിപ്പിച്ച് കൊണ്ട് കളരിപ്പയറ്റിന് അദ്ദേഹം തുടക്കം കുറിച്ചു. ദക്ഷയാഗത്തിനിടയ്ക്ക് പരമശിവൻ കോപം പൂണ്ട് നടത്തിയ ചുവടുകളാണ് കളരിപ്പയറ്റിന്റെ അടിസ്ഥാനം എന്ന് വ്യക്തമാക്കുന്ന മറ്റൊരു ഐതീഹ്യം നിലനിൽക്കുന്നു. ഈ ഐതിഹ്യത്തിലും കേരള സൃഷ്ടിക്ക് ശേഷം പരശുരാമൻ തന്റെ ശിഷ്യന്മാർക്ക് ഇത് പകർന്നു കൊടുത്തു എന്ന് പറയുന്നു.[1]

കളരിപ്പയറ്റിനെ ഉത്ഭവത്തെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങളും ഗവേഷണങ്ങളുംനടന്നിട്ടില്ലാത്തതിനാൽ ഉത്ഭവത്തെക്കുറിച്ച് വസ്തുനിഷ്ഠമായ പ്രമാണങ്ങൾതിരുത്തുക പ്രയാസകരമാണ്. വ്യക്തമായ രേഖകളുടെയും തെളിവുകളുടെയും അഭാവമാണ് സിദ്ധാന്ത രൂപവത്കരണത്തിന് തടസ്സമാകുന്നത്. ഇത് സംബന്ധിച്ച് പഠനം നടത്തിയ ഭൂരിപക്ഷ ചരിത്രകാരന്മാരുടെയും അഭിപ്രായത്തിൽ

---

[1] അഭിമുഖം / രാജൻ ഗുരുക്കൾ, ഐക്യകേരള കളരി സംഘം ആശാൻ, 18 – 01 - 2021

പന്ത്രണ്ടാം നൂറ്റാണ്ടിലാണ് കളരിയുടെ ഉദയം എന്ന് വിശ്വസിക്കപ്പെടുന്നു.

ഗുണ്ടർ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തിയ കേരളോല്പത്തിയിൽ 36000 ബ്രാഹ്മണരെ പരശുരാമൻ ആയുധപാണികൾ ആയി കൽപ്പിച്ചു എന്നും കേരളത്തിൽ 108 നാൽപ്പത്തീരടി സ്ഥാനം ഉണ്ടാക്കി അനേകം കളരി പരദേവതമാരേയും സങ്കൽപ്പിച്ച് അവിടെ വിളക്കും പൂജയും കഴിപ്പിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.[2]

മഹാവിഷ്ണുവിന്റെ അവതാരമായ പരശുരാമൻ തന്റെ വെൺമഴു വീശി എറിഞ്ഞപ്പോൾ മഴുസഞ്ചരിച്ചതിനേക്കപ്പുറത്തു അറബി കടൽ പിൻവാങ്ങി എന്നും അങ്ങനെ രൂപംകൊണ്ട കരയാണ് കേരളം എന്നും ഐതിഹ്യം പറയുന്നു. ഈ ദേശത്തെ സംരക്ഷിക്കാനായി 108 ദേവീക്ഷേത്രങ്ങളും 42 കളരികളും അദ്ദേഹം സ്ഥാപിച്ചു എന്ന് ഐതിഹ്യം തുടരുന്നു. അദ്ദേഹം ബ്രാഹ്മണരെ കേരളത്തിൽ കൊണ്ടുവന്നു എന്നും അവരെ കേരളത്തിന്റെ ഭരണം ഏൽപ്പിച്ചു എന്നും പരശുരാമ കഥകളിൽ പറയുന്നു.

പരമശിവൻ റെ ശിഷ്യനായ പരശുരാമൻ വെള്ളി,ഘോ / കോരം വെള്ളി, സംവെള്ളി, ഉളുതുരുത്തിയാട് എന്നീ നാല് ബ്രാഹ്മണ കുടുംബങ്ങൾക്ക് മാത്രമാണ് കളരിപ്പയറ്റ് അഭ്യസിപ്പിച്ചത് എന്നും കഥകളുണ്ട്. അവരാണ് മറ്റുള്ളവരെ ഈ വിദ്യ അഭ്യസിപ്പിച്ചത്.

കളരിപ്പയറ്റിന്റെ ഉത്ഭവത്തെപ്പറ്റി വ്യക്തമായ തെളിവുകളോ രേഖകളോ ലഭിച്ചിട്ടില്ലാത്തതിനാലും ഐതിഹ്യങ്ങളുടെയും മറ്റും

---

[2] എം ർ രാഘവ വാരിയർ, 2013, കേരളോല്പത്തി ഗ്രന്ഥവരി കോലത്തുനാട് വഴക്കം, p.74

ആധികാരികത ഉറപ്പില്ലാത്തതിനാലും ലഭിച്ച വിവരങ്ങൾ വച്ച് യുക്തിസഹമായി ചിന്തിച്ച് ഒരു നിഗമനത്തിൽ എത്താൻ സാധിക്കുമോ എന്ന് പരിശോധിക്കണം.

വേദഗ്രന്ഥങ്ങളിൽ വാൾ, കുന്തം തുടങ്ങിയ ആയുധങ്ങളുടെ അളവുകൾ വിശദീകരിച്ചിട്ടുണ്ട്. ഇതിൽ ആയുധങ്ങൾക്ക് നിശ്ചിത അളവുകൾ ഉണ്ടെന്ന് കണക്കാക്കുകയും അതിൽ നിന്നുള്ള വ്യതിയാനം അനുസരിച്ച് മാധ്യമം, അധമം എന്നിങ്ങനെ വിശേഷിപ്പിക്കുകയും ചെയ്തിരിക്കുന്നു. വ്യാധിഷ്ഠിതമല്ലാത്ത ഈ അളവുകൾ കളരിപ്പയറ്റിൽ പ്രായോഗികമോ സംഗീതമോ അല്ല. വേഗ രചന കാലത്ത് നിലനിന്നിരുന്ന അളവ് തോതിനെ അടിസ്ഥാനമാക്കി കളരിപ്പയറ്റിന്റെ ശാസ്ത്രംപഠിച്ചിട്ടില്ലാത്തവർ ഗണിച്ചതായിരിക്കാം ഈ അളവുകൾ എന്ന് കരുതുന്നു. എന്നാൽ ആ കാലത്തോ അതിനു മുൻപ് മുതലോ അത്തരം ആയുധങ്ങളും യോദ്ധാക്കളും ഉണ്ടായിരുന്നു എന്ന് ആ വിവരണങ്ങളിൽ നിന്ന് വ്യക്തമാണ്.

പ്രാചീന കാല ഘട്ടങ്ങളിൽ നടന്ന യുദ്ധങ്ങളിൽ വാൾ, കുന്തം തുടങ്ങിയ ആയുധങ്ങൾ ഉപയോഗിച്ചിരുന്നതായി പല പുരാണ ഗ്രന്ഥങ്ങളിലും പരാമർശമുണ്ട്. കളരികളുടേതിന് സമാനമായ ഗുരുശിഷ്യ ബന്ധവും മറ്റും ആ കാലഘട്ടങ്ങളിൽ നിലനിന്നിരുന്നതായി വെളിവാക്കപ്പെടുന്നുണ്ട്. മേൽപ്പറഞ്ഞ ആയുധങ്ങളുപയോഗിച്ച് കളരിയിൽ പരിശീലിക്കുന്ന പയറ്റുകളിൽ യുദ്ധ രീതികൾക്ക് പ്രാധാന്യമുണ്ട്. ഇവയുടെ അടിസ്ഥാന പാഠം കളരിപ്പയറ്റിൽ മാത്രം പരിശീലിക്കുന്ന മെയ്യഭ്യാസം, കോത്താരി എന്നീ വിഭാഗങ്ങളിൽ

ഉൾപ്പെടുന്നു. ഒരു യുദ്ധത്തിൽ പാലിക്കേണ്ടതും പരിഗണിക്കേണ്ടതുമായ കാര്യങ്ങൾ എല്ലാം കളരിപ്പയറ്റിലെ 18 അടവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ കാരണങ്ങളാൽ കളരിപ്പയറ്റിൽ നിന്നായിരിക്കാം യുദ്ധമുറകൾ വികസിച്ചത് എന്ന് അനുമാനിക്കാവുന്നതാണ്.

പരശുരാമനുമായി ബന്ധപ്പെട്ട ഐതിഹ്യത്തിലെ അതിശയോക്തി മാറ്റിനിർത്തി കേരള സൃഷ്ടിയെയും കളരി ആരംഭത്തെയും കുറിച്ച് യുക്തിസഹമായി ചിന്തിച്ചാൽ പരശുരാമൻ കേരളം സൃഷ്ടിച്ചു എന്നത് കൊണ്ട് ഉദ്ദേശിച്ചത് കേരളക്കരയെ അല്ല, മറിച്ച് കേരളത്തിൽ നിലനിൽക്കുന്ന സമ്മിശ്ര സംസ്കാരത്തിന്റെ അടിത്തറ ആണ് എന്ന് മനസ്സിലാവുന്നതാണ്. ഈ സംസ്കാരത്തിന്റെ സവിശേഷതകൾ എന്താണെന്ന് നോക്കാം. പൊതു സാംസ്കാരിക മാറ്റങ്ങളുടെ ഭാഗമായി ഭൂപ്രകൃതി തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി അനിവാര്യമായ ജീവിതശൈലികൾ മനുഷ്യവാസമുള്ള എല്ലായിടത്തും രൂപംകൊണ്ടു. പൊതു സംസ്കാരത്തിൽ നുള്ളിൽ അവ വിവിധ പ്രാദേശിക സംസ്കാരങ്ങൾ ആയി വളർന്നുവന്നു. കേരളത്തിലും ഇത് സംഭവിച്ചു.

വിവിധ മേഖലകളിൽ കളരിപ്പയറ്റ് അനുവർത്തിക്കുന്ന നിലപാടുകൾ പരിശോധിച്ചാൽ ഒരുപക്ഷേ മനുഷ്യൻ സാമൂഹിക ജീവിതം ആരംഭിച്ച കാലഘട്ടത്തിൽ തന്നെയോ സമീപഭാവിയിലോ കേരളത്തിൽ എളിയ രീതിയിൽ ആരംഭിച്ച് പിന്നീട് വളർന്നു വന്ന ഒരു പരിഹാരക്രിയ ആണ് കളരിപ്പയറ്റ് എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. കാരണം സാംസ്കാരിക മാറ്റം മൂലം നഷ്ടപ്പെടുന്നത് എല്ലാം

വീണ്ടെടുക്കുവാനും ആരോഗ്യകരമായ ജീവിതത്തിന് വന്നുചേരുന്ന തടസ്സങ്ങളെല്ലാം നീക്കുവാൻ ഉള്ള ശ്രമം എല്ലാ കാലഘട്ടത്തിലും കളരിപ്പയറ്റിൽ കാണാൻ കഴിയും.

# അദ്ധ്യായം രണ്ട്

# കളരിയും സമ്പ്രദായങ്ങളും

കളരിയുടെ വികാസത്തിന് പലപ്പോഴും വിഘാതമായി നിൽക്കുന്നത് അതിന് ഒരു ഏകരൂപം ഇല്ല എന്നതാണ്. വടക്കൻ, തെക്കൻ, തുളുനാടൻ എന്നിങ്ങനെ പല വിധത്തിൽ പലപേരുകളിൽ ചിതറിക്കിടക്കുന്നു. എന്തിനേറെ പറയുന്നു, ഓരോ ഗുരുക്കൾക്ക് അനുസരിച്ചു കളരി വ്യത്യസ്തമായി പഠിപ്പിച്ചു പോകുന്നു. വടക്കൻ കളരിയുടെ ആസ്ഥാനമായ വടക്കേ മലബാറിൽ പോലും പ്രധാനമായ ഗുരുക്കന്മാരുടെ ശിക്ഷണത്തിൽ വ്യത്യസ്തമായിട്ടാണ് കളരിപ്പയറ്റ് പഠിപ്പിക്കുന്നത്. പലപ്പോഴും ഗുരുക്കന്മാരുടെ പഠനത്തിന് ആഴത്തിൽ അനുസരിച്ച് സമ്പ്രദായങ്ങളും ഉണ്ടായി എന്നാൽ യഥാർത്ഥത്തിൽ കളരിപ്പയറ്റ് എന്നത് വടക്കൻ കളരി ആണ്[3]. തെക്കൻ കളരി എന്നത് തമിഴ് ബന്ധമുള്ളതാണ് എങ്കിലും ഇന്ന് കളരിപ്പയറ്റിലെ ശൈലിയായി പരിഗണിച്ചു പോരുന്നു.

## കളരി നിർമ്മാണം

കിഴക്കുപടിഞ്ഞാറായി 42 അടി നീളവും തെക്കുവടക്കായി 21 അടി വീതിയും പരന്നു ദീർഘചതുരാകൃതിയിൽ ഏകദേശം അര അടിയോളം ആഴത്തിൽ കുഴിച്ചു കുഴിയുടെ ചുറ്റും രണ്ടടി ഉയരത്തിൽ മണ്ണിട്ട് കെട്ടി അതിനു മുകളിലായി ആവശ്യംപോലെ കൈതൂണുകളും കിഴക്കും പടിഞ്ഞാറുമുള്ള മൺകട്ടകളോട് ചേർത്ത് അവയുടെ നടുവിലായി 21

[3] അഭിമുഖം / ദിനേഷൻ ഗുരുക്കൾ, ചാവക്കാട് വല്ലഭട്ട കളരിസംഘം ആശാൻ, 10 – 01 - 2021

അടി ഉയരമുള്ള രണ്ട് നെടും തൂണുകൾ സ്ഥാപിച്ച് മുകളിൽ മേൽക്കൂര കെട്ടി ഉയർത്തിയാണ് സാധാരണ കളരി സമ്പ്രദായം. ഇങ്ങനെ കുഴിച്ചു കെട്ടുന്നത് കൊണ്ട് കളരിയെ കുഴികളരി എന്നും പറയപ്പെടുന്നു.

അഭ്യാസ പരിശീലനം ചെയ്യുമ്പോൾ ശരീരത്തിന് ഉഷ്ണം ബാധിക്കാതിരിക്കാനും മണ്ണ് പറ്റി ചർമ്മരോഗങ്ങൾ പിടിക്കാതിരിക്കാനുമാണ് കളരി കുഴിച്ചു കെട്ടുന്നത്. കളരിയുടെ പ്രവേശനമാർഗ്ഗം കിഴക്കുഭാഗത്തുള്ള നെടുംതൂണിന്റെ  വടക്കുഭാഗത്ത് ആയിരിക്കേണ്ടതും കളരിയിലേക്ക് ഇറങ്ങിച്ചെല്ലുന്ന ചെറിയ പടവുകൾ നിർമ്മിക്കേണ്ടതുമുണ്ട്. കളരിയിൽ പരദേവതയുടെ സ്ഥാനം ആയി സങ്കൽപ്പിച്ച് പൂത്തറ ഉണ്ടാക്കുന്നത് പതിവാണ്.

## പൂത്തറ

കളരിയിലെ ഏറ്റവും പ്രധാന സങ്കല്പം ആയ കളരി പരദേവതയുടെ സ്ഥാനമാണിത്. കളരിയുടെ കന്നിമൂല ആണ് പൂത്തറ. മൂലാധാരത്തിൽ ആരംഭിച്ച സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം,വിശുദ്ധി, ആജ്ഞ എന്നിങ്ങനെ അർദ്ധാരങ്ങളിലൂടെയുള്ള കുണ്ടലിനി യാത്ര സൂചന പൂത്തറയിൽ ഉണ്ട്. ഏഴു പടികളുള്ള പൂത്തറയിലെ ആറു പടികളും ആറ് ആധാരങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഏഴാമത്തെ പടി മണിത്തറ, മണിപീഠം, ഏഴാം തൃപ്പടി എന്നിങ്ങനെ അറിയപ്പെടുന്നു. ഏഴു വിരൽ നീളമുള്ളതും, ഒരു ക്യൂബ് ആകൃതിയിൽ ചെത്തിയെടുത്തതുമായ ഒരു കല്ല് മണി തറയിൽ കളരി പരദേവതയെ സങ്കൽപ്പിച്ച് പ്രതിഷ്ഠിക്കുന്നു.

## ഗുരുത്തറ

കളരിയിൽ പടിഞ്ഞാറേ വശമുള്ള ചുമരോട് തൊട്ട് നിലത്ത് നെടുംതൂണിന്റെയും പൂത്തറയുടെയും മധ്യത്തായി ഏകദേശം ഒരു ചാൺ ഉയരത്തിൽ രണ്ടു ചാൺ നീളത്തിലും ഒരു ചാൺ വീതിയിലും മണ്ണ് കുഴച്ചു ഉണ്ടാക്കുന്ന ഒരു സാധാരണ തറയാണ് ഗുരുത്തറ. കേരളത്തിനു കളരിപ്പയറ്റ് സംഭാവന ചെയ്ത ഗുരുഭൂതൻ മാരുടെ സ്മരണയ്ക്ക് വേണ്ടിയാണ് ഗുരുതറ നിർമ്മിക്കുന്നത്.

## ഗണപതിതറ

ഗണപതിപീഠം അഥവാ ഗണപതിതറ. ഗണപതിയ്ക്കായുള്ള സങ്കല്പസ്ഥാനമാണ്.

## ഗുരുപീഠങ്ങൾ

ഗണപതിത്തറയ്ക്ക് വടക്കായി മരംകൊണ്ടുണ്ടാക്കിയതും നാലു കാലുകളുള്ളതുമായ രണ്ട് പീഠങ്ങൾ സ്ഥാപിക്കുന്നു. ആദ്യപീഠം നാലു സമ്പ്രദായ ഗുരുക്കന്മാരെയും 21 ഉപഗുരുക്കന്മാരെയും സങ്കല്പിക്കാനുള്ളതാണ്. അതതു കളരികളിലെ പ്രധാനഗുരുനാഥന്മാരുടെ ഗുരുഭൂതന്മാരെ സങ്കല്പിക്കാനാണ് രണ്ടാമത്തെ പീഠം.

ഇവയ്ക്കു പുറമേ ധനുകോണിലും മീനകോണിലും മിഥുനകോണിലും യഥാക്രമം അന്തിവീരർ, ഭദ്രകാളി, വേട്ടയ്ക്കൊരുമകൻ എന്നീ

ദേവതാസങ്കല്പങ്ങളുണ്ടെങ്കിലും പ്രത്യേക പീഠങ്ങളില്ല. കൂടാതെ അഷ്ടദിക് പാലകരെ കളരിയിലെ എട്ടു ദിക്കിലും പൂവിട്ടു ആദരിക്കുന്നു.

## കളരിപ്പയറ്റ് പരിശീലനം

മതത്തിന്റെ യും ആത്മീയതയുടെയും അംശങ്ങൾ കളരിപ്പയറ്റിൽ ഉൾക്കൊണ്ടിരിക്കുന്നു. ശിഷ്യന്മാരുടെ ധാർമികത, സൽസ്വഭാവം, നീതിബോധം, ക്ഷമ, ധൈര്യം, ദൈവഭക്തി, ഗുരുഭക്തി തുടങ്ങി പല ഗുണങ്ങളും നിരീക്ഷിച്ച് ബോധ്യപ്പെട്ട ശേഷം പ്രധാനപ്പെട്ട പല വിദ്യകളും കളരിപ്പയറ്റിൽ ഗുരുക്കന്മാർ പരിശീലിപ്പിക്കാറുള്ളൂ.

കാരണം മുകളിൽ പറഞ്ഞ ഗുണങ്ങൾ ഇല്ലാത്ത ഒരാൾക്ക് പരിശീലനവും ആയുധവും കിട്ടിയാൽ സമൂഹത്തിന് ഗുണം ആവില്ലെന്ന് ഉള്ള വിലയിരുത്തൽ തന്നെ. അഭ്യസിപ്പിക്കാനും യോഗ്യത നിശ്ചയിച്ചിരുന്നു. ഗുരുകുല സമ്പ്രദായത്തിലുള്ള പരിശീലന രീതിയാണ് കളരിപ്പയറ്റിനുള്ളത്. പരിശീലന സമയത്ത് സംഭവിക്കുന്ന അപകടങ്ങൾ പരിഹരിക്കാൻ കൂടിയുള്ള അറിവും പരിശീലനവും ലഭിച്ച ഒരാൾക്ക് മാത്രമേ പരിശീലകൻ ആകാൻ കഴിയൂ. വർഷങ്ങളുടെ തപസ്യ യും നിരന്തര പരിശീലനവും അർപ്പണബോധവും ആവശ്യമുള്ള ഒരു കലയാണ് കളരിപ്പയറ്റ്. ഗുരുവിന്റെ മരണശയ്യയിലും തന്റെ പ്രിയപ്പെട്ട ശിഷ്യന്മാർക്ക് ഉപദേശിക്കാൻ പലതും ഉണ്ടാകും എന്ന് പറയപ്പെടുന്നു. ആചാര നിഷ്ഠകൾ പാലിച്ച് നിശ്ചിത അളവുകൾ അനുസരിച്ച് തയ്യാറാക്കിയ കളരിയിൽ പ്രത്യേക വേഷം ധരിച്ചാണ്

കളരിപ്പയറ്റ് അഭ്യസിക്കാറുള്ളത്. കളരിപ്പയറ്റ് പഠനം പ്രധാനമായി നാലു ഭാഗമായാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്.

## കളരികളിലെ വടിവുകൾ

ചില ചുവടുകൾ അംഗീകരിച്ചുകൊണ്ട് ആക്കത്തോടുകൂടി നിലയുറപ്പിക്കുന്ന സമ്പ്രദായങ്ങളെയാണ് വടിവുകൾ എന്ന് പറയുന്നത്. ശത്രുവിന്റെ ആക്രമണത്തെ പ്രതിരോധിക്കുന്നതിന് വേണ്ടിയും തിരിച്ചു ആക്രമിക്കുന്നതിനു വേണ്ടിയും ചില ഘട്ടങ്ങളിൽ പ്രത്യേക നിലകൾ സ്വീകരിക്കേണ്ടി വരാറുണ്ട്. ഈ നിലകളെയാണ് വടിവുകൾ എന്ന് പറയുന്നത്.

വടിവുകളിൽ നിലയുറപ്പിച്ച് ചെയ്യുന്ന പ്രയോഗങ്ങൾക്ക് ആക്കവും ബലവും കൂടുന്നു. പ്രകൃതിയിൽ കാണപ്പെടുന്ന പക്ഷിമൃഗാദികൾ ഇരപിടിക്കാനും തമ്മിൽ പൊരുതാനും ഉപയോഗിച്ച് വരുന്ന രീതികളെ സസൂക്ഷ്മം പഠിച്ച് സന്ദർഭാനുസരണം അവയെ അനുകരിച്ച് ആവിഷ്കരിച്ചതായിരിക്കാം ഈ വടിവുകൾ. കളരി അഭ്യാസത്തിൽ എ പല പ്രയോഗങ്ങളും ഏറ്റവും ഫലപ്രദമായ രീതിയിലും ആവശ്യമായ ബലവും ആക്കവും കൊടുത്തും ചെയ്യണമെങ്കിൽ അതാതു പ്രയോഗങ്ങൾക്ക് അനുസൃതമായ വടിവുകൾ അവലംബിച്ചു വേണം നീക്കങ്ങളും മറ്റും നടത്താൻ ആയുധ പ്രയോഗങ്ങളും അതിസൂക്ഷ്മങ്ങളായ മർമ്മ പ്രയോഗങ്ങൾ പോലും അതാതു വടിവുകൾ അവലംബിച്ച് ഉപയോഗിച്ചാലാണ് ഏറ്റവും ഫലപ്രദമാവുക. ചില മർമ്മ പ്രയോഗങ്ങൾ പോലും ഫലവത്താണ് ആവണമെങ്കിൽ വടിവുകൾ

അവലംബിച്ച് ചെയ്യേണ്ടതായി വരും പ്രധാനപ്പെട്ട വടിവുകൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

## 1.സിംഹ വടിവ്

ഇത് സിംഹത്തിനെ അനുകരിച്ച് രൂപപ്പെടുത്തിയ നിലയാണ്. ഈ നിലയിൽ ചില പ്രത്യേക പ്രയോഗങ്ങളുണ്ട്. ഈ പ്രയോഗത്തിൽ മരണ സാധ്യത കൂടുതലാണ്. സിംഹപ്പാച്ചൽ, സിംഹച്ചടക്കം എന്നിവ ഈ വടിവിലെ പ്രയോഗങ്ങളാണ്.

## 2. സർപ്പ വടിവ്

ഇത് നാഗത്തിനെ അനുകരിച്ചാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇതിലെ ചില പ്രയോഗത്തിലൂടെ ശത്രുവിനെ മാരകമായ ക്ഷതം ഏൽപ്പിച്ച് ആക്രമണത്തിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നു.

## 3. ഗജവടിവ്

ആനയുടെ നില. ആൾക്കൂട്ടത്തിൽ നുഴഞ്ഞുകയറാനും ശത്രുവിനോട് ഏറ്റു നിൽക്കാനും പ്രാപ്തമാക്കുന്നു. ഈ നിലയുറപ്പിച്ചാൽ ആനയുടെ കരുത്ത് കിട്ടും. നിന്ന നിൽപ്പിൽ നിന്നും അനങ്ങില്ല. ഈ നിലയിൽ ശത്രുവിനെ മർമ്മം ഏൽപ്പിച്ചാൽ മാറ്റമില്ല. ആനപാച്ചൽ, ആനച്ചടക്കം എന്നിവ ഇതിലെ പ്രധാന പ്രയോഗങ്ങളാണ്.

## 4. കുക്കുട വടിവ്

കോഴിയുടെ നില. കോഴിപോര് കണ്ടവർക്ക് ഇതിലെ പ്രയോഗങ്ങളുടെ തീവ്രത മനസ്സിലാകും. പറന്നുയർന്ന കാലുകൾ കൊണ്ടും ചിറകുകൾ കൊണ്ടും തറയിൽ നിന്ന് കൊക്ക് കൊണ്ടും ആക്രമിക്കുന്നത് കാണാറുണ്ട്. ഈ പ്രയോഗങ്ങൾ തന്നെയാണ് കുക്കുട വടിവിൽ ചെയ്തു വരുന്നത്.

## 5. മത്സ്യ വടിവ്

മത്സ്യത്തിന്റെ നില. ഈ നിലയിൽ ചില പ്രയോഗരീതികൾ ഉണ്ട്. ശത്രുവിന്റെ അടുത്തേക്ക് അടുക്കാനും അതിൽ ചില പ്രയോഗങ്ങൾ നടത്താനും ഈ നില ഉപകരിക്കുന്നു.

## 6. വാനര വടിവ്

കുരങ്ങിന്റെ നില. ശത്രുവിനെ നേരിടാനുള്ള ഒരുപാട് കാര്യങ്ങൾ ഇതിലുണ്ട്. ശത്രുവിന്റെ ആക്രമണങ്ങളിൽ നിന്നും ഒഴിഞ്ഞു, തിരിച്ച് ആക്രമിക്കാനുള്ള പഴുതുകൾ ഈ നിലയിൽ നിന്ന് കിട്ടുന്നു.

## 7. വരാഹ വടിവ്

പന്നി നില. പന്നി വാഴത്തോട്ടത്തിൽ കയറിയാൽ ഉള്ള അവസ്ഥ തന്നെയാണ് വരാഹ വടിവിലൂടെ ചെയ്യുന്നത്. പന്നിചടക്കം, പന്നിപാച്ചിൽ ഇതൊക്കെ ഇതിൽ ചെയ്യുന്ന ചില പ്രയോഗങ്ങളാണ്.

## 8. മാർജ്ജാര വടിവ്

പൂച്ച നില. പൂച്ചയും പാമ്പും തമ്മിലെ പോര് പോലെ തന്നെയാണ് മാർജ്ജാര വടിവ്. പാമ്പിന്റെ ആക്രമണത്തെ എത്ര മനോഹരമായിട്ടാണ് പൂച്ച നേരിടുന്നതിനൊപ്പം തന്നെ തിരിച്ച് കൊടുക്കുന്നതും. അത് തന്നെയാണ് മാർജ്ജാര വടിവിന്റെ ഗുണവും.

## 9. അശ്വ വടിവ്

കുതിരയുടെ നില. ആശ്വ വടിവിൽ കൊട്ടും പ്രയോഗങ്ങളാണ്. കുതിച്ചുചാട്ടം ഒട്ടുക്കൈക്കെ എന്നിവ മാരകമാണ്.

## 10.  ശലഭ വടിവ്

തേൾ നില. ഈ നിലയിൽ പ്രധാന നീക്കങ്ങൾ അടങ്ങിയിരിക്കുന്നു.  ഗുരുമുഖത്തുനിന്ന് പഠിക്കേണ്ടതാണ്.

## 11. വ്യാഘ്ര വടിവ്

പുലിയുടെ നില. ഇരയെ പിടിക്കുമ്പോൾ പുലികൾക്ക് ചില പ്രത്യേക പ്രയോഗങ്ങളുണ്ട് ഒപ്പം ശക്തിയും.

## 12. ഗരുഡ വടിവ്

പരുന്ത് നില.

## 13. ഹംസ വടിവ്

അരയന്നത്തിന്റെ നില. കാണാൻ പാവം, പക്ഷേ കൊത്തിയാൽ മാരകം.

## 14. മയൂര വടിവ്

മയിൽ നില. വടിവുകളിൽ നിലയുറപ്പിക്കാനും അതിൽനിന്ന് നീക്കങ്ങളും മറ്റും ചെയ്യുന്നതിന് വളരെ സമയം വേണം എന്ന് സംശയം ഉണ്ടായിരിക്കും. എന്നാൽ നിത്യേനയുള്ള പരിശീലനം കൊണ്ട് ആർക്കും കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ ചെയ്യാൻ സാധിക്കും.

# അദ്ധ്യായം 3

# കളരിപ്പയറ്റിന്റെ സ്വാധീനം

ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ പെട്ടതും ക്രമാനുഗതമായ ദൈനംദിന പരിശീലനം കൊണ്ട് ശാരീരിക ആരോഗ്യ പുഷ്ടി മാത്രമല്ല, ഉത്തമമായ ഒരു ആയോധന മുറയിൽ വൈദഗ്ധ്യം കൂടി ആർജ്ജിക്കുവാനുതാകുന്നതും, ആത്മ രക്ഷയ്ക്കും ഒരേപോലെ അനുപേക്ഷണീയമായി തീരുന്നതും കേരളത്തിന്റെ തനതായ ആയോധന സമ്പ്രദായം എന്ന് അഭിമാനിക്കാവുന്നതുമായ ഒരു കായിക കലയാണ് കളരിപ്പയറ്റ്. ചിരപുരാതനവും കാലോചിതവുമായ ഒരു സ്വയരക്ഷാമാർഗമാണിത്. ശരീരത്തെ ആയുധമാക്കിയും ബോധമണ്ഡലത്തെ സംശുദ്ധമാക്കിയും അഭ്യസിക്കുന്ന ഈ വിദ്യയിൽ സ്വയരക്ഷാമാർഗ്ഗം രണ്ടുവിധത്തിലാണ് പഠിപ്പിക്കുന്നത്.

കായികാഭ്യാസത്തിലൂടെ മാനസിക പരിവർത്തനം അതായത് അച്ചടക്കം, ക്ഷമ, ദയ, സഹജീവികളോടുള്ള ബഹുമാനം, മാനസിക പരിവർത്തനത്തിലൂടെ ആത്മീയകത്തിലേക്കുള്ള വഴി, പൂർണമായി ദൈവത്തിൽ അർപ്പിച്ച കൊണ്ടുള്ള ജീവിതം. ഇതാണ് കായികാഭ്യാസത്തിൽ അടിത്തറ.

മറ്റ ആയോധനവിദ്യകളിൽ ഒന്നും കാണാത്തതും ശാസ്ത്രീയമായി ചിട്ടപ്പെടുത്തി എടുത്തതുമായ ഒന്നാണ് മെയ്പയറ്റ്. ദേഹത്തിന്റെ സ്വാധീനത, കാലുകളുടെ ചലനം, കൈകളുടെ അസാമാന്യ വേഗത

എന്നിവ ഇതിലൂടെ സ്വായുത്തമാക്കപ്പെടുന്നു. ഇതുതന്നെയാണ് മറ്റുള്ളവയിൽ നിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നതും വിശിഷ്ടമാകുന്നതും. കളരിപ്പയറ്റ് മനസ്സിനും ഉന്മേഷവും ഏകാഗ്രതയും തരുന്നു. ഇത് ശരീരത്തിലെ ദുർമേദസ്സ് മാറ്റി ആരോഗ്യവും രൂപവും നൽകുന്നതോടൊപ്പം ഉത്തമനായ ഒരു വ്യക്തിയെ രൂപപ്പെടുത്താൻ സഹായിക്കുന്നതുമാണ്. കേരളീയ ജനജീവിതത്തിന് സമസ്തമേഖലകളിലും പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിച്ചിരുന്ന തനത് ആയോധനകലയാണ് കളരിപ്പയറ്റ്.[4]

കോഴി, മയിൽ, കുതിര, അരയന്നം തുടങ്ങി ഇത്യാദികളെയെല്ലാം മാതൃകയാക്കിയിട്ടുണ്ട്. കളരി വിദ്യകളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്ന ഒരു ആധികാരിക ഗ്രന്ഥം നമുക്ക് കഴിഞ്ഞ തലമുറകളിൽ നിന്നു ലഭിക്കാതിരിക്കെ, ഗുരുമുഖത്തു നിന്നു ലഭിക്കുന്ന അറിവുകൾ മാത്രമാണ് ഇന്നത്തെ കളരികളുടെ നിലനിൽപ്പിന് ആധാരം. ഈ കലയിൽ അന്തർഭവിച്ചിരിക്കുന്ന ഓരോ പ്രയോഗ വശങ്ങളെക്കുറിച്ചും അതിന്റെ ഗുണപാഠങ്ങളെ കുറിച്ചും നാം കൂടുതൽ ബോധവാന്മാരാകണം.

കേരളത്തിൽ നീളവും വീതിയും മറ്റും അളക്കാനായി സെന്റിമീറ്റർ, മീറ്റർ തുടങ്ങിയ തോതുകൾ ആണ് നിലവിലുള്ളത്. അതിനു മുൻപ് ഇഞ്ച്, മൈൽ, ഫർലോങ്ങ് തുടങ്ങിയ ഉപയോഗിച്ചിരുന്നു. അതിനും നൂറ്റാണ്ടുകൾക്ക് മുമ്പ് ഉപയോഗിച്ചിരുന്നത് അംഗുലം, കോൽ തുടങ്ങിയ തോതുകൾ ആയിരുന്നു. എന്നാൽ ഇങ്ങനെ കേട്ടറിവില്ലാത്ത

[4] അഭിമുഖം / രാജൻ ഗുരുക്കൾ, ഐക്യകേരള കളരി സംഘം ആശാൻ, 18 – 01 - 2021

വിധത്തിലാണ് കളരിപ്പയറ്റുമായി ബന്ധപ്പെട്ട അളവുകൾ പറയുന്നത്. കളരിയുടെ നീളം 42 അടിയാണ്. ഇവിടെ പറയുന്ന അടി ഒരു ഒത്ത മനുഷ്യന്റെ കാൽ പാദത്തിന്റെ നീളമാണ്. അതുപോലെ തന്നെ ആയുധങ്ങളുടെ അളവ് നിശ്ചയിക്കുന്നത് ഉപയോഗിക്കുന്ന ആളുടെ ശരീരവുമായി ബന്ധപ്പെടുത്തിയാണ്. ഇവയൊന്നും അംഗുലം, കോൽ മുതലായവയും അതിനുശേഷമുള്ളവയോ ആയ അളവു തോതുകൾ അല്ല എന്നത് ആ അളവുകൾ നിലവിലിരുന്ന കാലത്തിനു മുൻപ് കളരികൾ പ്രവർത്തിച്ചിരുന്നു എന്നതിന് തെളിവാണ്.

പ്രാചീന കാലഘട്ടങ്ങളിൽ നടന്ന യുദ്ധങ്ങളിൽ വാൾ, കുന്തം, ഗദ തുടങ്ങിയ ആയുധങ്ങൾ ഉപയോഗിച്ചിരുന്നതായി പല പുരാണ ഗ്രന്ഥങ്ങളിലും പരാമർശമുണ്ട്. കളരികളുടേതിനു സമാനമായ ഗുരു–ശിഷ്യ ബന്ധവും മറ്റും ആ കാലഘട്ടങ്ങളിൽ നിലനിന്നിരുന്നതായി വെളിവാക്കപ്പെടുന്നുണ്ട്. മേൽപ്പറഞ്ഞ ആയുധങ്ങളുപയോഗിച്ച് കളരിയിൽ പരിശീലിക്കുന്ന പയറ്റുകളിൽ യുദ്ധ രീതികൾക്ക് പ്രാധാന്യമുണ്ട്. ഇവയുടെ അടിസ്ഥാന പാഠം കളരിപ്പയറ്റിൽ മാത്രം പരിശീലിക്കുന്ന മെയഭ്യാസം, കോൽത്താരി  എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ഒരു യുദ്ധത്തിൽ പാലിക്കേണ്ടതും പരിഗണിക്കേണ്ടതുമായ കാര്യങ്ങളെല്ലാം കളരിപ്പയറ്റിലെ 18 അടവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ കാരണങ്ങളാൽ കളരിപ്പയറ്റിൽ നിന്നായിരിക്കാം ഈ യുദ്ധമുറകൾ വികസിച്ചതെന്ന് അനുമാനിക്കാവുന്നതാണ്.

പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ സ്ഥിതി ചെയ്യുന്ന മലകളും കുന്നുകളും സമതലപ്രദേശങ്ങളും നദികളും ഉൾക്കൊള്ളുന്ന

കേരളത്തിൽ കാലാവസ്ഥ കൂടി പരിഗണിക്കുമ്പോൾ വർഷത്തിൽ എല്ലാ ദിവസവും സക്രിയമായിരിക്കാൻ സാധിക്കുമെന്നതിനാൽ കേരളത്തിലെ തൊഴിൽരംഗം വിപുലമായി തൊഴിൽ ശാക്തീകരണത്തിന്റെ ഭാഗമായി തന്നെ തൊഴിൽപരമായി ജനങ്ങൾ വിഭജിക്കപ്പെട്ടു. തൊഴിൽ അനുസരിച്ച് ജീവിത രീതികളിൽ മാറ്റം ഉണ്ടായി. ഇതാണ് ജാതിവ്യവസ്ഥയും അതുമായി ബന്ധപ്പെട്ട ജീവിതശൈലികളും. ഈ വ്യവസ്ഥയനുസരിച്ച് പരമ്പരാഗതമായി തൊഴിൽ ചെയ്തിരുന്നതിനാൽ തൊഴിൽ രംഗത്ത് മികവ് വർദ്ധിച്ചു. ഇത് തൊഴിൽ പാരമ്പര്യം അംഗീകരിക്കപ്പെടാൻ കാരണമായി അതിന്റെ ഫലമായി വ്യത്യസ്ത ജീവിത ശൈലി സ്വീകരിക്കുമ്പോൾ തന്നെ പരസ്പര വിധേയത്വവും സഹവർത്തിത്വം ജീവിതത്തിൽ അനുപേക്ഷണീയം ആയി. ഏകത്വത്തിൽ ഊന്നിയ ഒരു സമ്മിശ്ര സംസ്കാരം കേരളത്തിൽ നിലവിൽ വന്നതും ബലപ്പെട്ടതും ഇങ്ങനെയാണ്.

കേരള സംസ്കാരം ഒരു കണ്ണാടിയിലെന്നപോലെ പ്രതിഫലിക്കുന്നത് കൊണ്ടായിരിക്കാം കളരിപയറ്റ് ഉത്ഭവിച്ചതും ഇതേ കാലഘട്ടത്തിലായിരുന്നു എന്ന വിശ്വാസം ഉടലെടുത്തത്. എന്നാൽ പ്രകൃതി നിയമങ്ങളിൽ അധിഷ്ഠിതമായ കളരിപ്പയറ്റ് മനുഷ്യനെ പ്രകൃതിയുമായി കൂട്ടിയിണക്കാനുള്ള ഒരു ഉപാധിയാണ്. ആ കാരണം കൊണ്ട് തന്നെ ജനങ്ങളുടെ സാംസ്കാരിക മാറ്റത്തിനനുസരിച്ച് കളരിപയറ്റ് പരിശീലനത്തിൽ ശാസ്ത്രീയമായ മാറ്റങ്ങൾ അനിവാര്യമായി വരും.

# ഉപസംഹാരം

കേരളത്തിന്റെ ആയോധന കലാരൂപമാണ് കളരിപ്പയറ്റ്. കേരളത്തിലെ മിക്കവാറും കലാരൂപങ്ങളിൽ കളരിപ്പയറ്റിന്റെ സ്വാധീനം കാണാം. പണ്ടുകാലത്ത് കളരി സാമാന്യ ജനജീവിതത്തിന്റെ ഭാഗമായിരുന്നു. ആൺ–പെൺ വ്യത്യാസമില്ലാതെ ബാല്യത്തിൽ തന്നെ കളരിയിൽ ചേർത്തു മെയ്യഭ്യാസം പരിശീലിപ്പിക്കുന്ന രീതി പഴയകാലത്ത് കേരളത്തിന്റെ പല പ്രദേശങ്ങളിലും ഉണ്ടായിരുന്നു. സാമൂഹ്യ ജീവിതത്തിൽ വന്ന മാറ്റത്തിന് ഭാഗമായി കളരികൾ ഇന്ന് സമൂഹത്തിൽ വഹിക്കുന്ന പങ്കിലും മാറ്റം വന്ന് ഇന്ന് ഒരു പ്രദർശന കലയായി രൂപാന്തരപ്പെട്ടു എന്നു കാണാം. കളരി ചികിത്സക്കും അതിന്റെ ഭാഗമായുള്ള മർമ്മ ചികിത്സയ്ക്കു ഇന്ന് പ്രിയം കൂടിവരികയാണ്.

മെയ് പയറ്റ് ( മെയ്ത്താരി ), വടി പയറ്റ് ( കോൽത്താരി ), വാൾ പയറ്റ് ( അങ്കത്താരി ), വെറുംകൈ പ്രയോഗം എന്നിങ്ങനെ വിവിധ അഭ്യാസമുറകൾ കളരിപ്പയറ്റിൽ ഉണ്ട്. ഇതിന് പുറമേ കളരി ചികിത്സയും പാഠ്യ പദ്ധതിയുടെ ഭാഗമാണ് കളരിയിൽ ആദ്യം പരിശീലിക്കുന്നത് മെയ് അഭ്യാസമാണ്. ശരീരത്തിൽ എണ്ണ തേച്ചു പിടിപ്പിച്ചതിനു ശേഷമാണ് പരിശീലനം ആരംഭിക്കുന്നത്. ശരീരത്തെ പാകപ്പെടുത്തലാണ് ഈ ഘട്ടത്തിൽ ചെയ്യുന്നത്. വായ്ത്താരിയിലൂന്നിയ ശരീരചലനങ്ങളും ഇതിന്റെ ഭാഗമായി

അഭ്യസിക്കും. വിവിധ ഘട്ടങ്ങളിലായി 8 മുതൽ 16 വരെ പയറ്റുകൾ മെയ്യ്പ്പയറ്റിൽ ഉണ്ട്.

ശേഷം കോൽപയറ്റ് അഭ്യാസം തുടങ്ങും. പല നീളത്തിലുള്ള വടികൾ ഉപയോഗിച്ചുള്ള അഭ്യാസ പരിശീലനമാണിത്. വടികൊണ്ടുള്ള ആക്രമണവും പ്രത്യാക്രമണവും ഇതിന്റെ ഭാഗമായി അഭ്യസിക്കും. വായ്ത്താരിക്കനുസരിച്ച് തന്നെയാണ് അഭ്യാസമുറകൾ ചെയ്യുന്നത്. നീളമുള്ള വടി കൊണ്ടുള്ള കെട്ടുകാരിപയറ്റ്, മുച്ചാൺ വടിപയറ്റ്, ഒറ്റപയറ്റ് തുടങ്ങി പല അഭ്യാസങ്ങളും വടി പയറ്റിൽ ഉണ്ട്.

വാൾ, പരിച, ഉറുമി, കുന്തം, കഠാര തുടങ്ങിയ ആയുധങ്ങൾ ഉപയോഗിച്ചുള്ള അഭ്യാസമാണ് അടുത്ത ഘട്ടത്തിൽ. അങ്കത്താരി എന്ന് വിളിക്കുന്ന ഈ ആയോധന മുറയിൽ രണ്ടോ അതിൽ കൂടുതൽ പേരോ ചേർന്നാണ് പരിശീലിക്കുന്നത്. തല, നെഞ്ച്, പുറം, വയർ, ഇവയും മുട്ടിനു താഴെയുമാണ് ഈ അഭ്യാസത്തിലെ ലക്ഷ്യസ്ഥാനങ്ങൾ.

ആയുധങ്ങളുടെ പിൻബലമില്ലാതെ എതിരാളിയെ നേരിടുന്ന ശൈലിയാണ് വെറുംകൈ പ്രയോഗം. ആയുധധാരിയായ എതിരാളിയെ സധൈര്യം നേരിടാനുള്ള മനക്കരുത്തും മെയ്ക്കരുത്തും ഈ അഭ്യാസത്തിലൂടെ നേടിയെടുക്കാൻ കഴിയുന്നു. മനസ്സിന്റെ ഏകാഗ്രതയും ഗതിവേഗവും വെറും കൈ പ്രയോഗത്തിലൂടെ സാധിച്ചെടുക്കുന്നു.

കളരിപ്പയറ്റിലെ പരിശീലനത്തിലെ സുപ്രധാന ഘടകമാണ് വായ്ത്താരി. കളരി ആശാൻ പരിശീലകരുടെ ചുവടുകൾ

വഴിത്താരയിലൂടെ നിയന്ത്രിക്കുന്നു. വിവിധ ചുവടുകൾക്ക് ആവശ്യമായ സൂചനകളും വായ്ത്താരിയിൽ അടങ്ങിയിരിക്കുന്നു. താളത്തിനനുസൃതമായാണ് വായ്ത്താരി പറയുന്നത്. മുതിർന്ന വിദ്യാർത്ഥികളും പഠിക്കുന്നവരും ചില സന്ദർഭങ്ങളിൽ വായ്ത്താരി പറയാറുണ്ട്.

കളരിയുടെതായ ഒരു ചികിത്സാസമ്പ്രദായം കേരളത്തിൽ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട് എന്നത് ഒരു ശ്രദ്ധേയമായ കാര്യമാണ്. ആയുർവേദത്തിലെ പ്രമാണങ്ങളെ ആധാരമാക്കിയാണെങ്കിലും കളരി ചികിത്സയ്ക്ക് അതിന്റെതായ ഒരു അടിത്തറയുണ്ട്. പൂർവ്വികരായ കളരി ഗുരുനാഥന്മാർ ചിട്ടപ്പെടുത്തിയെടുത്തതാണ് ഈ ചികിത്സാ പാരമ്പര്യം. മർമ്മ ചികിത്സ, തിരുമ്മൽ, വ്യായാമ ചികിത്സ തുടങ്ങി കളരി ചികിത്സയിൽ വ്യത്യസ്ത ശാഖകളുണ്ട്. കളരി ചികിത്സയിലെ മർമ്മ ചികിത്സ ശാഖ ഒരു രഹസ്യസ്വഭാവം സൂക്ഷിക്കുന്നതായും കാണാം. മർമ്മ സ്ഥാനങ്ങളെ കുറിച്ചുള്ള അറിവ് ദുർവിനിയോഗം ചെയ്യപ്പെടാതിരിക്കാനായിരിക്കാം ഇത്. കളരി വിദ്യയുടെയും വൈദ്യശാസ്ത്രത്തിനും സമന്വയം ഇതിൽ കാണാവുന്നതാണ്. ശരീരത്തിന്റെയും മനസ്സിന്റെയും നവീകരണത്തിന് കളരി ഉഴിച്ചിൽ വളരെയധികം സഹായിക്കുന്നു എന്നതാകാം കളരി ചികിത്സയ്ക്ക് അടുത്തകാലത്തുണ്ടായ ജനപ്രീതിക്ക് കാരണം.

കളരിപ്പയറ്റ് ശരീരത്തിനും മനസ്സിനും ഉന്മേഷവും ഏകാഗ്രതയും തരുന്നു. ഇത് ശരീരത്തിലെ ദുർമേദസ്സ് മാറ്റി ശരീരത്തിന് ആരോഗ്യവും രൂപവും നൽകുന്നു. സത്യത്തിന്റെയും ധർമത്തിന്റെയും മാർഗ്ഗം

കർശനമായി പാലിക്കണമെന്നു നിഷ്കർഷിക്കുന്നതും ഉത്തമനായ ഒരു വ്യക്തിയെ രൂപപ്പെടുത്താൻ സഹായിക്കുന്നതുമാണ്. സധർമ്മവും, ക്ഷമയും, സൽസ്വഭാവവും, ബുദ്ധിയും തുടങ്ങി എല്ലാ നല്ല ഗുണങ്ങളും ഉള്ള ശിഷ്യന്മാരെ മാത്രമേ ഗുരുക്കന്മാർ ഇതിനിടെ എല്ലാ വശങ്ങളും അഭ്യസിപ്പിച്ചിരുന്നുള്ളൂ. ലോകമാകമാനം വിവിധ തരത്തിലുള്ള ആയോധനകലകൾ നിലവിൽ ഉണ്ടായിരുന്നെങ്കിലും കേരളത്തിലെ ആയോധനകലയായ കളരിപ്പയറ്റ് ഇപ്പോഴും സവിശേഷമായി തന്നെ നിലകൊള്ളുന്നു.

# Works Cited

## Primary Sources

അഭിമുഖം / രാജൻ ഗുരുക്കൾ,

ഐക്യകേരള കളരി സംഘം ആശാൻ, 18 – 01 – 2021

അഭിമുഖം / ദിനേഷൻ ഗുരുക്കൾ,

ചാവക്കാട് വല്ലഭട്ട കളരിസംഘം ആശാൻ, 10 – 01 – 2021

പണിക്കോട്ടി. എം.കെ, വടക്കൻ പാട്ടുകളിലൂടെ,

മാതൃഭൂമി പബ്ലിക്കേക്ഷൻസ്, കോഴിക്കോട്, 1999

കടത്തനാടൻ കളരിപ്പയറ്റ് അടിസ്ഥാന തത്ത്വങ്ങൾ എന്ന ഗ്രന്ഥം

## Secondary Sources

"കളരി" – http://www.netmalayalam.com/kalari/

"കളരിപ്പയറ്റ്" – https://dilshu97.blogspot.com/

# Appendix



ചവിട്ടി ഉഴിച്ചിൽ



കഠാര



വാൾപയറ്റ്



ഗജ വടിവ്



ചെറുകോൽ പയറ്റ്



പൂത്തറ



**കഠാര പയറ്റ്**



**മെയ്യ്പ്പയറ്റ്**



**വാളും പരിചയും**